(ബി) പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാൻ വളരെ കുറച്ച് സമയം മാത്രം ബാക്കി നിൽക്കുന്ന സമയത്തുണ്ടായ ഈ ഗുരുതരമായ കാലതാമസവും സാങ്കേതിക തടസ്സവും ഒഴിവാക്കുന്നതിനും ഇത്തരം എ.ഡി.എഫ്. പ്രൊപ്പോസലുകളുകൾ അടിയന്തരമായി പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണവകുപ്പുകളിലെ ആസ്തിവികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ ഓഫീസിൽവച്ച് സോഫ്റ്റ്വെയർ സംബന്ധമായ ട്രെയിനിംഗ് നൽകുകയുണ്ടായി. കൂടാതെ സോഫ്റ്റ്വെയർ സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ജീവനക്കാരെ സഹായിക്കാൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ രണ്ട് ടെക്നീഷ്യൻമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതോടൊപ്പം സോഫ്റ്റ്വെയർ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

കെ.എസ്.എഫ്.ഇ. ബഡ്ജറ്റ് വിഹിതം

118 (90) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് വഴിയും കെ.എഫ്.സി. വഴിയും നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങളിൽ അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനും കെ.എഫ്.സി.-യ്ക്കും വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയിൽ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) K.S.F.E.-യുടെ ശാഖകൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തുടങ്ങുന്നതിന് പദ്ധതിയിട്ടിരുന്നു. അതിൽ 163 ശാഖകൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പരിസ്ഥിതി സൗഹൃദ/ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ, നൈപുണ്യ വികസന കോഴ്സുകളിൽ ചേരാൻ വായ്പ, എജ്യുകെയർ വിദ്യാഭ്യാസ പദ്ധതി, വിദ്യാധനം പദ്ധതി എന്നിവയ്ക്കും രൂപം നൽകിയിരുന്നു. എല്ലാ പദ്ധതികളും ഘട്ടംഘട്ടമായി നടപ്പാക്കിവരികയാണ്.

ഈ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റുകളിലൂടെ കെ.എഫ്.സി. വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങൾ അതത് വർഷങ്ങളിൽ പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സർക്കാർ ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ.-യ്ക്കായി പദ്ധതി തുക വകയിരുത്താറില്ല.

കഴിഞ്ഞ 5 ബഡ്ജറ്റുകളിലായി കെ.എഫ്.സി. വഴി കെ.എസ്.ഇ.ഡി.എം. പദ്ധതിക്ക് അതത് വർഷം ലഭിച്ച തുകയും ചെലവഴിച്ച തുകയും അടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	പദ്ധതി തുക	ലഭിച്ച തുക	ചെലവഴിച്ച തുക
2011-12	250000000	100000000	1728818
2012-13	250000000	-	2495972
2013-14	--	50000000	38346029
2014-15	--	--	70625613
2015-16 (31-12-2015 വരെ)	--	--	78024584
ആകെ	500000000	150000000	213678016

LIBRARY ARCHIVES Kerala Legislative Assembly

2013-14 ബഡ്ജറ്റിൽ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതിയ്ക്ക് ലഭിച്ച തുകയും ചെലവഴിച്ച തുകയും അടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	പദ്ധതി തുക	ലഭിച്ച തുക	ചെലവഴിച്ച തുക
2013-14	100000000	46400000	62400000

ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും പിൻവലിച്ചു. ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽക്കുന്നില്ല.

(സി) ബാധകമല്ല.

എം.എൽ.എ. ആസ്തി വികസന ഫണ്ട്

119 (91) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ നിന്നും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തികവർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ, അനുവദിച്ച തുക, ഭരണാനുമതിയുടെ വിശദാംശങ്ങൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വനംവകുപ്പ് പദ്ധതികൾ

120 (92) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ ഏതു; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly